# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4337 — 28.06.2012-ൽ മറുപടി നൽകേണ്ടത്

## വില്ലേജ് ഓഫീസിൽ അടയ്ക്കുന്ന വസ്തുക്കരം ഓൺലൈൻ വഴിയാക്കുന്നത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ഐ.സി.ബാലകൃഷ്ണൻ | ശ്രീ അടൂർ പ്രകാശ്<br>ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) വില്ലേജ് ആഫീസുകളിൽ ജനങ്ങൾക്ക് വസ്തുവിന്റെ കരം എത്ര മണിവരെ ഒടുക്കാനുള്ള സൗകര്യമുണ്ടെന്നുള്ളത് വ്യക്തമാക്കാമോ ; | (എ) വില്ലേജ് ആഫീസിന്റെ പ്രവൃത്തി സമയങ്ങളിൽ (അതായത് വൈകുന്നേരം 5.15 മണിവരെ) കരം ഒടുക്കുവാനുള്ള സൗകര്യമുണ്ട്. പ്രകൃതിക്ഷോഭം പോലെയുള്ള അടിയന്തിരഘട്ടങ്ങളിൽ വില്ലേജ് ആഫീസിലെ ഉദ്യോഗസ്ഥർക്ക് ആഫീസിൽ നിന്നും വിട്ടുനിൽക്കേണ്ട അവസരങ്ങളിൽ മാത്രമേ ഇതിന് മാറ്റം വരാറുള്ളൂ. |
| (ബി) വസ്തുക്കരം 5 മണിവരെ സ്വീകരിക്കാനുള്ള നിർദ്ദേശം നൽകുമോ ; | (ബി) നിർദ്ദേശം നിലനിൽക്കുന്നുണ്ട്. |
| (സി) വസ്തുക്കരം ഓൺലൈൻ ആയി അടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ ? | (സി) റവന്യൂ വകുപ്പിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തി വിജയം കണ്ടതും സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതുമായ ഓൺലൈൻ പോക്കുവരവിന്റെ രണ്ടാംഘട്ട വികസനത്തിൽ ഓൺലൈനായി കരം അടയ്ക്കുന്നതിനുള്ള സംവിധാനംകൂടി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ